**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2642** **04-03-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി പ്രതിസന്ധി തടയാൻ സോളാർ പദ്ധതിയുടെ വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സോളാർ പദ്ധതി വലിയ തോതിൽ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ നിലവിൽ വൈദ്യുതി പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. പകൽ സമയത്തു മാത്രം ആശ്രയിക്കുവാൻ കഴിയുന്ന ഊർജ്ജ സ്രോതസ്സ് എന്ന നിലയിൽ, പീക് അവറിലെ വൈദ്യുതി ആവശ്യകത നിറവേറ്റുവാൻ സോളാർ പദ്ധതികൾക്ക് കഴിയില്ല. എന്നാൽ ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം നടപ്പിലാക്കുന്നത് വഴി പകൽ സമയത്തു ലഭിക്കുന്ന അധിക വൈദ്യുതി സ്റ്റോർ ചെയ്തു വച്ച് പീക് അവറിൽ ഉപയോഗിക്കാൻ കഴിയുന്ന പദ്ധതികൾ സംസ്ഥാനത്തു ആവിഷ്കരിച്ചു വരുന്നു. |
| (ബി) | നിരവധി സർക്കാർ - സ്വകാര്യ ഭൂമികളിലും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിലും സോളാർ പദ്ധതി വ്യാപിപ്പിച്ച് വൈദ്യുതി ഉത്പാദനം കൂട്ടി വൈദ്യുതി പ്രതിസന്ധി മറികടക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | **PP/CPP** സ്കീമുകളിൽ ഉൾപ്പെടുത്തി സർക്കാർ / സ്വകാര്യ ഭൂമികളിലും കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിലും സോളാർ പ്ലാന്റുകൾ സ്ഥാപിച്ച കെ. എസ്. ഇ. ബി. എൽ. - ന് ഗ്രിഡ് സപ്പോർട്ടിംഗ് ചാർജ്ജ് നൽകി വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതി നിലവിലുണ്ട്.<br><br>**സംസ്ഥാനത്തിന്റെ ഉപ്പുവെള്ള / കായൽ, തരിശായി കിടക്കുന്ന ജലാശയങ്ങളിൽ ഫ്ലോട്ടിംഗ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.**<br><br>**സോളാർ പദ്ധതി വ്യാപിപ്പിച്ച് വൈദ്യുതി ഉത്പാദനം കൂട്ടി വൈദ്യുതി പ്രതിസന്ധി മറികടക്കാൻ അനെർട്ട് മുഖേന താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.**<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **റെസ്കോ (RESCO) മോഡൽ** പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>പച്ചക്കറികൾ / പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.<br><br>**വിദൂര ആദിവാസി കോളനികളിൽ സോളാർ പ്ലാന്റുകൾ/വിൻഡ്/സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ